ഉത്തരം

(എ) ഉണ്ട്.

(ബി) യു. പി. ക്ലാസ്സിലെ വിദ്യാർത്ഥിനികൾക്ക് 75 രൂപ വീതവും ഹൈസ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് 100 രൂപ വീതവും നൽകിവരുന്നു. പ്ലസ് വൺ, പ്ലസ് ടു, ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് പ്രതിവർഷം 125 രൂപ നൽകി വരുന്നുണ്ട്.

(സി) സ്കൂൾ തലത്തിൽ 1995-96 വരെയുള്ള തുക എല്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, ഡി.ഇ.ഒ., വിതരണം ചെയ്ത് കഴിഞ്ഞു. ഇതിനുള്ള ഫണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും 2002-2003 വരെയുള്ള കാലയളവിൽ ഈ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഫണ്ട് ആണ് ഇതിനുപയോഗിക്കുന്നത്.

(ഡി & ഇ) ഈ ആനുകൂല്യം അപ്പർ പ്രൈമറി ഹൈസ്കൂൾ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കും പ്ലസ് വൺ, പ്ലസ് ടു, ബിരുദ, ബിരുദാനന്തര ബിരുദ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുമാണ് ലഭിക്കുന്നത്.

ഹയർ സെക്കന്ററി പരീക്ഷാ നടത്തിയും ഫലപ്രഖ്യാപനവും

109(4391) ശ്രീ. മഞ്ഞാളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ച നടപടിക്രമങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) എസ്. എസ്. എൽ. സി. പരീക്ഷാ നടത്തിപ്പുപോലെ സമയബന്ധിതമായി പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും, നടത്തുന്നതിൽ ഹയർ സെക്കന്ററി വിഭാഗം എത്രത്തോളം വിജയിച്ചിട്ടുണ്ടോ ; എന്ന് വിലയിരുത്തുമോ ;

(ഡി) നിരവധി കുട്ടികളുടെ പരീക്ഷാ ഫലം യഥാസമയം പ്രസിദ്ധീകരിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഇ) സേ പരീക്ഷാ ഫലപ്രഖ്യാപനത്തിലും നിരവധി റിസൾട്ടുകൾ യഥാസമയം പ്രസിദ്ധീകരിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഹയർ സെക്കന്ററി പരീക്ഷകൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കന്ററിയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതും ഏറ്റവും നേരത്തെ ഫലപ്രഖ്യാപനം നടത്തിയതും 2003 മാർച്ചിലാണ്. ആകെ 2,73,682 വിദ്യാർഥികളാണ് മാർച്ചിലെ ഹയർ സെക്കന്ററി പരീക്ഷ എഴുതിയത്. മേയ് 16-ന് ഫലപ്രഖ്യാപനം നടത്തി. ഉയർന്ന വിജയ ശതമാനവും ഉണ്ടായിരുന്നു. 59.25 ശതമാനം. പ്രീഡിഗ്രി പൂർണ്ണമായി നിർത്തലാക്കിയതിന് ശേഷം നടന്ന രണ്ടാമത്തെ പരീക്ഷയായിരുന്നു 2003 മാർച്ചിൽ നടന്നത്.

(സി) 2003 മാർച്ചിലെ ഹയർ സെക്കന്ററി പരീക്ഷയും ഫലപ്രഖ്യാപനവും സമയബന്ധിതമായി പൂർത്തിയാക്കി. എസ്.എസ്.എൽ.സി. പരീക്ഷയും ഹയർ സെക്കന്ററി പരീക്ഷയും ഏതാണ്ട് ഒരേ ദിവസങ്ങളിൽ തന്നെയാണ് നടത്തിയത്.

ഫലപ്രഖ്യാപനം നടത്തുമെന്ന് മുൻകൂട്ടി നിശ്ചയിച്ചിരുന്ന തീയതിയായ മേയ് 20-ന് മുമ്പ് തന്നെ, അതായത് 16-5-2003-ൽ ഫലം പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞു. എസ്.എസ്.എൽ.സി. പരീക്ഷാഫലം 15-5-2003നാണ് പ്രസിദ്ധപ്പെടുത്തിയത്. ഇക്കാരണത്താൽ, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഉപരിപഠന കോഴ്സുകൾക്ക് ചേരുവാൻ വിദ്യാർത്ഥികൾക്ക് യാതൊരു പ്രയാസവും ഇക്കുറി അനുഭവപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. പരീക്ഷയിൽ ക്രമക്കേട് കാട്ടി എന്ന് സംശയിക്കപ്പെടുന്ന 70 വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവച്ചിരുന്നു. മുമ്പ് എഴുതിയ പരീക്ഷകൾ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും കൃത്യമായും നൽകാത്തതുമൂലവും, അപേക്ഷകളിലെ അപാകത മൂലവും രജിസ്റ്റർ നമ്പർ തെറ്റായി ഉത്തരക്കടലാസുകളിൽ രേഖപ്പെടുത്തിയതുമൂലവും മറ്റ് സാങ്കേതിക കാരണങ്ങളാലും 1730 പേരുടെ പരീക്ഷാഫലം പിന്നീട് പ്രസിദ്ധീകരിക്കുവാനായി (RAL-Result to be announced later) മാറ്റി വച്ചിരുന്നു. പരീക്ഷയിൽ ക്രമക്കേട് കാണിച്ചു എന്ന് സംശയിക്കപ്പെടുന്ന കുട്ടികളുടെ വിഭാഗത്തിൽപ്പെട്ടവരുടെ കാര്യത്തിൽ ഹിയറിംഗ് നടത്തി തീരുമാനമെടുത്ത് ഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പിന്നീട് ഫലം പ്രഖ്യാപിക്കുന്നതിനായി മാറ്റിവെച്ച വിദ്യാർത്ഥികളുടെ (RAL) വിഭാഗത്തിൽ പുതിയ സ്കീമിൽ 13 കുട്ടികളും പഴയസ്കീമിൽ 239 കുട്ടികൾ ഉൾപ്പെട്ട 252 കുട്ടികളാണ് അവശേഷിക്കുന്നത്. ഇവരുടെ മുൻ പരീക്ഷ സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ സകൂൾ അധികാരികളോ വിദ്യാർത്ഥികൾ നേരിട്ടോ ലഭ്യമാക്കുന്ന മുറയ്ക്ക് ഫലം പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ഹയർ സെക്കന്ററി പരീക്ഷകൾ ഇപ്പോൾ കാര്യക്ഷമമായി തന്നെയാണ് നടത്തുന്നത്. അപാകതകൾ ഏതെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly